**അനുബന്ധം-1**

01-07-2024 തീയതിയിലെ ശ്രീ. വി. കെ. പ്രശാന്ത് എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടി

കേരളത്തിലെ ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റങ്ങൾക്കനുസൃതമായി ജീവിതശൈലീ രോഗങ്ങളും വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അനിയന്ത്രിത പ്രമേഹത്തിന്റെയും രക്താതിമർദ്ദത്തിന്റെയും പരിണിത ഫലമായിട്ടാണ് വൃക്കരോഗങ്ങൾ പലപ്പോഴും പ്രത്യക്ഷപ്പെടുന്നത്. ഇന്ത്യയിൽ 1 മില്ല്യൺ (10 ലക്ഷം) ജനങ്ങളിൽ 8000 ത്തോളം വൃക്ക രോഗികൾ ഉണ്ടെന്നും കേരളത്തിലും ഏകദേശം ഇതേ അനുപാതത്തിൽ വൃക്ക രോഗികൾ ഉണ്ടെന്നുമാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വൃക്കരോഗികളുടെ എണ്ണത്തിൽ വലിയ തോതിൽ വർദ്ധനവുണ്ടാകുന്നത് കൂടുതൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് കാരണമാകുന്ന എന്നത് ഒരു വസ്തുതയാണ്.

ഡയാലിസിസിലേയ്ക്ക് എത്തുന്ന രോഗികളിൽ ബഹുഭൂരിപക്ഷവും രക്തധമനികളിലൂടെയുള്ള ഡയാലിസിസ് പ്രക്രിയയായ ഹീമോ ഡയാലിസിസാണ് ചെയ്തുവരുന്നത്. സർക്കാർ മേഖലയിൽ താലൂക്ക് തലം

മുതൽ മുകളിലേയ്ക്കുള്ള താലൂക്ക് ആശുപത്രി, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നീ ആരോഗ്യ സ്ഥാപനങ്ങളിൽ എല്ലാം ഹീമോഡയാലിസിസ് ചെയ്യുന്നതിനായുള്ള ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ് സർക്കാർ ആർദ്രം പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാന പ്ലാൻ ഫണ്ട്, എൻ.എച്ച്.എം. ഫണ്ട്, എൽ.എസ്.ജി.ഡി. ഫണ്ട്, എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, കിഫ്ബി ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് നിലവിൽ 36 ജില്ലാ/ജനറൽ ആശുപത്രികളിൽ 31 ഇടങ്ങളിലും 88 താലൂക്ക് തല ആശുപത്രികളിൽ 57 ഇടങ്ങളിലുമായി ആകെ 88 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

ഇതിനുപുറമേ ഉഴവൂർ കെ. ആർ. നാരായണൻ മെമ്മോറിയൽ സ്മാരക സ്പെഷ്യാലിറ്റി ആശുപത്രിയിലും സംസ്ഥാനത്തെ വിവിധ ജില്ലയിലെ ചില സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ഉൾപ്പെടെ 12 സ്ഥലങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ആശുപത്രികളിലായി ആകെ 100 ആരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ നിലവിലുണ്ട്.

കൂടാതെ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലും സ്വകാര്യ ആശുപത്രികളിലും സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

സംസ്ഥാനത്ത് സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലായി ആകെ 1250 ഓളം ഡയാലിസിസ് മെഷീനുകൾ പ്രവർത്തനസജ്ജമാണ്. പ്രതിമാസം 55,895 ഡയാലിസിസ് സെഷനുകളിലായി 5000-ൽ അധികം രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. 2020 ജനുവരി മുതൽ 2,18,410 രോഗികൾ ഡയാലിസിസിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 21,70,944 ഡയാലിസിസ് സെഷനുകൾ നടത്തിയിട്ടുണ്ട്.

നിലവിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കാത്ത താലൂക്ക്/ജില്ലാതല ആശുപത്രികളിൽ 13 സ്ഥലങ്ങളിൽ കൂടി ഈ സാമ്പത്തിക വർഷം തന്നെ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കും വിധം പ്രവൃത്തി പുരോഗമിക്കുന്നു. അതിനുപുറമെ ബാക്കിയുള്ള മുഴുവൻ

ആശുപത്രികളിൽ 2025-ഓടുകൂടി ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 26 ഡയാലിസിസ് മെഷീനുകളിൽ (സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 14, കാരുണ്യ ഡയാലിസിസ് യൂണിറ്റിൽ 10, MICU-1, MDICU-1) നിന്നായി പ്രതിദിനം ഏകദേശം 70-80 ഡയാലിസിസ് ചെയ്തുവരുന്നു. ആലപ്പുഴ ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിലെ നെഫ്രോളജി വിഭാഗത്തിൽ പ്രതിദിനം 15 രോഗികൾക്ക് ഹീമോഡയാലിസിസ് ചെയ്യുന്നുണ്ട്. എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നെഫ്രോളജി വിഭാഗത്തിനുകീഴിൽ 24 മണിക്കൂറും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. നിലവിൽ പ്രതിദിനം 35-40 പേർക്ക് ഡയാലിസിസ് ചെയ്തുവരുന്നു. 20 ഡയാലിസിസ് മെഷീനുകളാണ് ഇവിടെ സജ്ജമാക്കിയിട്ടുള്ളത്. ഗുരുതര കിഡ്നി രോഗങ്ങൾ ബാധിച്ചവർക്കും സ്റ്റേഡ്-V കിഡ്നി രോഗികൾക്കും മൂന്ന് ഷിഫ്റ്റുകളിലായി 24 മണിക്കൂറും ഡയാലിസിസ് സേവനം നൽകിവരുന്നു. കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്

ആശുപത്രിയിൽ ഇപ്പോൾ 22 ഹീമോഡയാലിസിസ് മെഷീനുകൾ ഉണ്ട്. ഡയാലിസിസ് രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് പുതിയതായി ഒരു ഹിമോഡയാലിസിസ് യൂണിറ്റ് (8 ഹീമോഡയാലിസിസ് മെഷീനുകൾ) കൂടി തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായ 19 ഡയാലിസിസ് മെഷീനുകളാണുള്ളത്. സ്ഥിരമായി 120 രോഗികൾ വീട്ടിൽനിന്നും വന്ന് ഡയാലിസിസ് ചെയ്യുന്നുണ്ട്. കൂടാതെ അഡ്മിറ്റായി ഗുരുതരാവസ്ഥയിലുള്ള ഏകദേശം 15-20 രോഗികൾക്ക് ദിനംപ്രതി ഡയാലിസിസ് ചെയ്യുന്നുണ്ട്. ഡയാലിസിസ് രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എച്ച്.ഡി.എസ്.-ന്റെ കീഴിൽ ആറ് മെഷീനുള്ള പുതിയ ഒരു യൂണിറ്റ് തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ 40 ഓളം ഡയാലിസിസ് മെഷീനുകൾ പ്രവർത്തനക്ഷമമാണ്. ഇതിലൂടെ പ്രതിമാസം ശരാശരി 3240 ഡയാലിസിസ് സെഷനുകൾ നടത്തുന്നുണ്ട്. ഏകദേശം 190 രോഗികൾക്ക് ഡയാലിസിസ് നൽകിവരുന്നു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജ്

ആശുപത്രിയിൽ 13 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് മൂന്ന് ഷിഫ്റ്റുകളിലായി ദിവസേന ഏകദേശം മുപ്പതോളം രോഗികൾക്ക് ഡയാലിസിസ് നൽകിവരുന്നു. കോട്ടയം മെഡിക്കൽ കോളേജ് നെഫ്രോളജി വിഭാഗത്തിൽ പ്രതിമാസം ശരാശരി 2250 ഡയാലിസിസ് സെഷനുകൾ നടന്നുവരുന്നുണ്ട്. 162 രോഗികൾക്ക് ഡയാലിസിസ് ഇവിടെനിന്നും ലഭ്യമാക്കുന്നു. ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിൽ അഡ്മിറ്റ് ആയിരിക്കുന്ന ഏകദേശം 75 ഓളം രോഗികളെ പ്രതിമാസം ഡയാലിസിസ് ചികിത്സയ്ക്ക് വിധേയമാക്കുന്നുണ്ട്.

തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ (എസ്.എ.റ്റി. ആശുപത്രി) 2006 മുതൽ കുട്ടികൾക്കുള്ള ഹീമോഡയാലിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ 5 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റാണ് പ്രവർത്തിക്കുന്നത്. ഒരു ഡയാലിസിസ് മെഷീൻ ഐ.സി.യു.-വിലെ രോഗികൾക്ക് ഡയാലിസിസ് നൽകാൻ സജ്ജമാണ്. സ്ഥായിയായ വൃക്കരോഗം (Chronic Kidney Disease Ayhm End State Kidney Disease)

ഉള്ള കുട്ടികൾക്കും താല്ക്കാലിക വൃക്കസ്തംഭനം (Acute Kidney Injury) ഉള്ള കുട്ടികൾക്കും ഇവിടെ ഡയാലിസിസ് ചെയ്യുന്നുണ്ട്.

കേരളത്തിലെ എല്ലാ പ്രധാന ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും നെഫ്രോളജി വിഭാഗം ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി എംപാനൽ ചെയ്തിട്ടുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്തുകൊടുക്കുന്നുണ്ട്. കാസ്പിൽ അംഗത്വമല്ലാത്തവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്.) മുഖാന്തരവും എംപാനൽ ചെയ്തിട്ടുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽ സൗജന്യ ഡയാലിസിസ് നൽകിവരുന്നുണ്ട്. ആരോഗ്യ കേരളം 'പാലിയേറ്റീവ് കെയർ പ്രോജക്ട്' പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് വേണ്ട എറിത്രോപോയിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്.

ഹീമോഡയാലിസിസ് ചെലവേറിയതും ആശുപത്രിയിൽ മാത്രം ചെയ്യാൻ കഴിയുന്നതുമായ പ്രക്രിയയാണ്. രോഗികൾക്ക് കൃത്യമായ ഇടവേളകളിൽ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നതും നീണ്ട കാത്തിരിപ്പ് ആവശ്യമായി

വരുന്നതും ശാരീരികവും മാനസികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഇതിന് പരിഹാരമായിട്ടാണ് താരതമ്യേന ചെലവുകുറഞ്ഞതും രോഗികൾക്ക് സ്വന്തമായി ചെയ്യാൻ സാധിക്കുന്നതുമായ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി (CAPD) സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുള്ളത്. പെരിറ്റോണിയൽ ഡയാലിസിസ് നിലവിൽ എല്ലാ ജില്ലകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായുള്ള മുഴുവൻ ചെലവും സർക്കാരാണ് വഹിക്കുന്നത്. നാളിതുവരെ 640 രോഗികൾ പെരിറ്റോണിയൽ ഡയാലിസിസിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കൂടുതൽ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നുണ്ടെങ്കിലും ആർദ്രം സ്റ്റാന്റൈഡൈസേഷന്റെ ഭാഗമായി താലൂക്കാശുപത്രിതലം മുതൽ മുകളിലോട്ടുള്ള ആശുപത്രികളിൽ മാത്രമേ ഡയാലിസിസ് യൂണിറ്റ് സജ്ജീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. ഉയർന്ന നിർവ്വഹണ ചെലവും സ്പെഷ്യാലിറ്റി ഡോക്ടർമാർ ഉൾപ്പെടെയുള്ള മാനവശേഷിയുടെ ദൗർലഭ്യവും കാരണം ഡയാലിസിസ് യൂണിറ്റുകൾ പാതിവഴിയിൽ പ്രവർത്തനം നിലച്ചുപോകുന്ന സ്ഥിതിവിശേഷം

സംജാതമാകാതിരിക്കാൻ ഉദ്ദേശിച്ചാണ് ആർദ്രം സ്റ്റാന്റൈഡെസേഷനിൽ ഇത്തരത്തിലൊരു നിയന്ത്രണം ഏർപ്പെടുത്തിയത്. സി.എച്ച്.സി. തലത്തിൽ സർക്കാരിന് യാതൊരുവിധ സാമ്പത്തികബാധ്യത ഉണ്ടാകാത്ത രീതിയിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിന് നിർദ്ദേശം നൽകുകയും തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.

സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റ് വിദൂര-ദുർഘട പ്രദേശങ്ങളിൽ പരീക്ഷിക്കാവുന്ന ഒന്നാണ്. വാഹനങ്ങളിൽ സജ്ജമാക്കുന്ന ഡയാലിസിസ് മെഷീനിലൂടെ രോഗികൾക്ക് എത്തിപ്പെടാൻ സാധിക്കുന്ന കേന്ദ്രങ്ങളിൽ വച്ച് ഡയാലിസിസ് നൽകുക എന്നതാണ് മൊബൈൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനരീതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സംയുക്ത സംരംഭമായി സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റുകൾ സജ്ജമാക്കാവുന്നതാണ്.

നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് ഷിഫ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് കൂടുതൽ

രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം സൃഷ്ടിക്കുന്നതാണ്. ഇതിനായി വേണ്ടിവരുന്ന അധിക മാനവശേഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്.

വരുമാനപരിധിക്ക് വിധേയമായി, എല്ലാ വിഭാഗം വൃക്കരോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1000 രൂപാക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്ന രീതിയിൽ പദ്ധതി ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ധനസഹായം സർക്കാർ ആശുപത്രിക്ക് എന്നപോലെ ഡയാലിസിസ് നടത്തിയ സ്വകാര്യ ആശുപത്രിക്കും നൽകാവുന്നതാണെന്ന് 28-05-2022-ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ നമ്പർ ഉത്തരവിൽ (ഖണ്ഡിക 7.6.7 പ്രകാരം) വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതവും പദ്ധതിക്കായി ഉപയോഗിക്കാവുന്നതാണ്. ഡയാലിസിസിനുള്ള ധനസഹായ തുക ജില്ലയ്ക്ക് വെളിയിലുള്ള ആശുപത്രികളിലേയ്ക്കും നൽകാവുന്നതാണെന്ന് 18-09-2022-ലെ

ഡി.എ 1/151/2022-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. ഇതിലൂടെ ഡയാലിസിസ് കേന്ദ്രങ്ങളുടെ അപര്യാപ്തത കുറയ്ക്കുന്നതിനും, ജനങ്ങൾക്ക് സൗജന്യമായി സർക്കാർ സംവിധാനത്തിലോ, പ്രൈവറ്റ് ആശുപത്രികളിലോ ഡയാലിസിസ് ചെയ്യാവുന്ന രീതി സംജാതമാവുകയും ചെയ്യുന്നു.

**അനുബന്ധം-2**

<u>ശ്രീ. ഇ.കെ. വിജയൻ, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

നാദാപുരം മണ്ഡലത്തിലെ മലയോര മേഖലയായ വാണിമേൽ ചെക്ക്യാട് ഗ്രാമപഞ്ചായത്തുകളിലെ ചിറ്റാരി കണ്ടിവാതുക്കൽ റോഡിന് 2.42 കോടി രൂപയുടെ ഭരണാനുമതി നബാർഡ് RDIF 20 സ്കീമിൽ ഉൾപ്പെടുത്തി ലഭിച്ചിരുന്നു. ടി പദ്ധതി കരാറുകാരൻ ഉപേക്ഷിച്ചുപോയതിനാൽ നിർമ്മാണ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന റീടെൻഡർ നടത്തി പുതിയ കരാറുകാരനെ ചുമതലപ്പെടുത്തിയെങ്കിലും നബാർഡ് RDIF 20 സ്കീമിന്റെ പൂർത്തീകരണ കാലാവധിയായ 31-03-2022-ൽ റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല.

തുടർന്ന് പ്രസ്തുത റോഡ് നിർമ്മാണം സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക ഉൾപ്പെടെ പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ്/LSCD മുഖേന അവശേഷിക്കുന്ന റോഡ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും തുടർന്ന് PWD എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിരുന്നു. PWD ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രദേശത്തിന്റെ സാഹചര്യമനുസരിച്ച് സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ പരിശോധിച്ച് ജില്ലാ തല വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശ സഹിതം പ്രൊപ്പോസൽ സമർപ്പിക്കാൻ കോഴിക്കോട് TDO-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ഉടൻതന്നെ ലഭ്യമാക്കി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.